(7 pages) **Reg. No. : ..............................**

**Code No. : 20014** **Sub. Code : R 1 MY 41/ B 1 MY 41**

U.G. (CBCS) DEGREE EXAMINATION, APRIL 2013.

Fourth Semester

Part I — Malayalam

Paper IV — HISTORY OF LITERATURE, APPLIED GRAMMAR, COMPOSITION AND TRANSLATION

(For those who joined in July 2008-2011)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഭഗവത്ഗീത വിവർത്തനം ചെയ്ത നിരണം കവി

   (a) ശങ്കരപ്പണിക്കർ (b) മാധവപ്പണിക്കർ

   (c) രാമപ്പണിക്കർ (d) കരുണേശൻ

2. രാമചരിത കർത്താവ്

   (a) ഗോവിന്ദൻ (b) കണ്ണശ്ശൻ

   (c) ദാമോദര ചാക്യാർ (d) ചീരാമൻ

3. രാമരാവണ യുദ്ധത്തിന് പ്രാധാന്യം നല്കികൊണ്ട് രചിക്കപ്പെട്ട കാവ്യം

   (a) കണ്ണശ്ശരാമായണം

   (b) കേരളവർമ്മ രാമായണം

   (c) രാമകഥപ്പാട്ട്

   (d) രാമചരിതം

4. വീണപൂവ് പ്രസിദ്ധീകരിച്ചത്

   (a) 1909-ൽ (b) 1907-ൽ

   (c) 1895-ൽ (d) 1910-ൽ

5. ജ്ഞാനപീഠ പുരസ്ക്കാരം ലഭിച്ച കൃതി

   (a) ഓടക്കുഴൽ

   (b) അഗ്നിവീണ

   (c) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

   (d) ഉജ്ജയിനി

6. വ്യവഹാര പ്രധാനമായ നോവൽ

   (a) ഇന്ദുലേഖ (b) അക്ബർ

   (c) ശാരദ (d) കേരളസിംഹം

7. ഏറ്റവും കൂടുതൽ ലോകഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ട കൃതി

(a) കയർ

(b) തോട്ടിയുടെ മകൻ

(c) രണ്ടിടങ്ങഴി

(d) ചെമ്മീൻ

8. കരുണ, പിംഗള, മഗ്ദലനമറിയം എന്നീ കൃതികളെ താരതമ്യം ചെയ്ത് മുണ്ടശ്ശേരി രചിച്ച കൃതി

(a) മാറ്റൊലി

(b) നാടകാന്തം കവിത്വം

(c) കരിന്തിരി

(d) രാജരാജീയം

9. വിവർത്തനമെന്നാൽ

(a) ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്കുള്ള ആശയാവിഷ്കാരം

(b) ഒരു ഭാഷയിൽ വെളിവാക്കിയ ആശയം മറ്റൊരു ഭാഷയിലേക്കു സംക്രമിക്കുന്നത്

(c) ലക്ഷ്യഭാഷയിൽ നിന്നും മൂലഭാഷയിലേക്കുള്ള ഭാഷാന്തരീകരണം

(d) മൂലഭാഷയിൽ നിന്നും ലക്ഷ്യഭാഷയിലേക്കുള്ള പരാവർത്തനം



10. ഉള്ളൂർ രചിച്ച സാഹിത്യ ചരിത്രം

(a) മലയാള സാഹിത്യ ചരിത്രം

(b) കേരള ഭാഷാ സാഹിത്യ ചരിത്രം

(c) മലയാള ഭാഷാ സാഹിത്യ ചരിത്രം

(d) കേരള സാഹിത്യ ചരിത്രം

PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11. (a) രാമചരിതം ഒരു പാട്ടുകൃതിയാണെന്നു പറയാൻ - കാരണമെന്ത്?

അല്ലെങ്കിൽ

(b) രാമചരിതത്തിന്റെ കാലം കർത്താവ് എന്നിവ സംബന്ധിച്ച വിവിധ മതങ്ങൾ പരിശോധിക്കുക.

12. (a) ഉണ്ണിയാടീചരിതത്തിൽ ചരിത്രവസ്തുക്കൾ എത്രത്തോളം പ്രതിഫലിക്കുന്നു?

അല്ലെങ്കിൽ

(b) മണിപ്രവാളസാഹിത്യത്തിന്റെ മുഖ്യസവിശേഷതകൾ ചർച്ചചെയ്യുക.

13. (a) മലയാള ഭാഷയുടെ പിതാവാണു എഴുത്തച്ഛൻ എന്ന പ്രസ്താവത്തിന്റെ അർത്ഥ വ്യാപ്തിയെന്ത്?

അല്ലെങ്കിൽ

(b) ചങ്ങമ്പുഴയുടെ വിഷാദാത്മകത്വത്തിന്റെ ഉറവിടം സ്വന്തം ജീവിതാനുഭവങ്ങളാണോ ജീവിച്ച കാലഘട്ടമാണോ?

14. (a) കുട്ടിക്കൃഷ്ണമാരാർക്ക് മലയാള നിരൂപണത്തിലുള്ള സ്ഥാനം നിർണ്ണയിക്കുക.

അല്ലെങ്കിൽ

(b) എം.പി. പോളിന്റെയും മുണ്ടശ്ശേരിയുടെയും നിരൂപണശൈലികൾക്കുള്ള അന്തരം വ്യക്തമാക്കുക.

15. (a) ജി. ശങ്കരക്കുറുപ്പിന്റെ കവിതകൾ ഉദാത്തമായ തത്വചിന്തകൊണ്ടും ഭാവനാ വൈചിത്ര്യം കൊണ്ടും ആകർഷകമാണ്. ഉപപാദിക്കുക.

അല്ലെങ്കിൽ

(b) വികാരങ്ങളുടെ ഊഷ്മളതയും ചിന്തയുടെ അഗാധതയും പോലെ പ്രമേയങ്ങളുടെ വൈവിധ്യവും ശങ്കരക്കുറുപ്പിന്റെ കവിതയുടെ സവിശേഷതകളാണ് - ചർച്ചചെയ്യുക.



## PART C — (5 × 8 = 40 marks)

500 വാക്കിൽ കവിയാതെ ഉപന്യസിക്കുക.

16. (a) നമ്പ്യാർക്കവിതകളിലെ കേരളീയത - ശക്തിയോ ദൗർബല്യമോ - ചർച്ചചെയ്യുക.

അല്ലെങ്കിൽ

(b) നമ്പ്യാരുടെ സാമൂഹിക വിമർശനത്തെപ്പറ്റി ഉപന്യസിക്കുക.

17. (a) എൻ. കൃഷ്ണപിള്ളയുടെ നാടകങ്ങൾ ബുദ്ധിതലത്തിലും വികാരതലത്തിലും ചലനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാണ് - ഈ പ്രസ്താവം വിലയിരുത്തുക.

അല്ലെങ്കിൽ

(b) എൻ. കൃഷ്ണപിള്ളയെ 'മലയാളത്തിലെ ഇബ്സൻ' എന്ന് വിശേഷിപ്പിക്കുന്നതിലെ ഔചിത്യം പരിശോധി ക്കുക.

18. (a) ജീവിതത്തിലെ നർമ്മമധുരമായ ചില മുഹൂർത്തങ്ങൾ ഇന്ദ്രിയവേദ്യമായ സൗന്ദര്യം, തീവ്രമായ ദേശീയബോധം - ഇതൊക്കെയാണ് വള്ളത്തോൾ കവിതയ്ക്കു പ്രചോദകമായിത്തീർന്നത് - പരിശോധിക്കുക.

അല്ലെങ്കിൽ

(b) മാനവികത - വൈലോപ്പിള്ളിക്കവിതകളിൽ - ഉപന്യസിക്കുക.

19. (a) നിന്ദിതരും പീഡിതരും ദരിദ്രരുമടങ്ങിയ ഒരു സമൂഹത്തോട് മനുഷ്യത്വപരമായ വീക്ഷണം പുലർത്തിയ നോവലിസ്റ്റാണ് തകഴി - ചർച്ചചെയ്യുക.

അല്ലെങ്കിൽ

(b) ആദർശങ്ങൾ പരുഷയാഥാർത്ഥ്യങ്ങളോട് ഏറ്റുമുട്ടുമ്പോൾ തകർന്നു തരിപ്പണമാകും - തകഴിയുടെ കഥകൾ ഇതിന് ഉദാഹരണമാണ് - പരിശോധിക്കുക.

20. ഉപന്യസിക്കുക.

(a) ശാസ്ത്രവിദ്യാഭ്യാസത്തിന്റെ ആവശ്യകത.

അല്ലെങ്കിൽ

(b) കലയും സംസ്കാരവും.

---